**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1749** **09-12-2022 - ൽ മറുപടിയ്ക്ക്**

**വിഴിഞ്ഞം തുറമുഖ നിർമ്മാണവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ എൻ എ നെല്ലിക്കുന്ന്** | | **ശ്രീ. അഹമ്മദ് ദേവർകോവിൽ<br>(തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പ് മന്ത്രി)** | |
| (എ) | വിഴിഞ്ഞം തുറമുഖ നിർമ്മാണവുമായി ബന്ധപ്പെട്ട സമരത്തിനും സംഘർഷത്തിനും ഇടയാക്കിയ സാഹചര്യം എന്താണെന്ന് വ്യക്തമാക്കാമോ; | (എ) | വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ നിർമ്മാണവുമായി ബന്ധപ്പെട്ട് മത്സ്യമേഖല നേരിടുന്ന ഗുരുതര പ്രശ്നങ്ങളും അതിജീവന ഭീഷണി നേരിടുന്ന തീരദേശ ജനതയുടെ ദുരിതങ്ങൾക്കും പരിഹാരം കാണണമെന്നാവശ്യപ്പെട്ടാണ് സമരം ആരംഭിച്ചത്. തുറമുഖത്തിന് എതിരെ ഉയരുന്ന പ്രതിഷേധങ്ങൾക്ക് തുറമുഖ നിർമ്മാണവുമായി യാതൊരു ബന്ധവുമില്ല. |
| (ബി) | പ്രസ്തുത വിഷയത്തിൽ സമരക്കാർ ഉന്നയിക്കുന്ന ആവശ്യങ്ങളും സർക്കാരിന്റെ നിലപാടുകളും എന്താണെന്ന് വ്യക്തമാക്കാമോ; | (ബി) | വിഴിഞ്ഞം തുറമുഖ നിർമ്മാണം മൂലം തീരശോഷണം ഉണ്ടാകുന്നുവെന്നും തൊഴിൽ നഷ്ടപ്പെടുന്നുവെന്നും ചൂണ്ടിക്കാട്ടി താഴെപ്പറയുന്ന ആവശ്യങ്ങൾ ഉന്നയിച്ചു കൊണ്ടാണ് ബഹു.തിരുവനന്തപുരം ലത്തീൻ അതിരൂപത സമരം ആരംഭിച്ചത്.<br><br>1. വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ നിർമ്മാണം മൂലമുണ്ടാകുന്ന തീരശോഷണ ത്തിന് ശാശ്വതപരിഹാരം കാണുക.<br>2. മനുഷ്യോചിതമല്ലാത്ത അവസ്ഥയിൽ തീരശോഷണം മൂലം ഭവനം നഷ്ടപ്പെട്ട് ക്യാമ്പുകളിൽ കഴിയുന്ന കുടുംബങ്ങളെ അടിയന്തിരമായി വാടക നൽകി മാറ്റി പാർപ്പിക്കുക.<br>3. വീടും സ്ഥലവും നഷ്ടപ്പെട്ടവരെ വീടിനും വസ്തുവിനും നഷ്ടപരിഹാരം നൽകി ക്കൊണ്ട് പുനഃരധിവസിപ്പിക്കുക.<br>4. അനിയന്ത്രിതമായ മണ്ണെണ്ണ വില വർദ്ധന പിൻവലിക്കാൻ സർക്കാർ ഇടപെടുക, തമിഴ്നാട് മാതൃകയിൽ മത്സ്യത്തൊഴിലാളികൾക്ക് മണ്ണെണ്ണ ലഭ്യമാക്കുക.<br>5. കാലാവസ്ഥ മുന്നറിയിപ്പ് കാരണം തൊഴിൽ നഷ്ടപ്പെടുന്ന ദിവസങ്ങളിൽ മത്സ്യത്തൊഴിലാളികൾക്ക് മിനിമം വേതനം നൽകുക. |

6. മുതലപ്പൊഴിയിലെ പ്രശ്നങ്ങൾ പരിഹരി ക്കുക.
7. തീരശോഷണത്തിനും വിഴിഞ്ഞം മത്സ്യ ബന്ധന തുറമുഖത്തിനും, കോവളം, ശംഖുമുഖം ബീച്ചുകൾക്കും ഭീഷണിയായി ട്ടുള്ള വിഴിഞ്ഞം തുറമുഖ നിർമ്മാണം നിർത്തിവെച്ച് പ്രദേശവാസികളെ ഉൾപ്പെടുത്തി സുതാര്യമായ പഠനം നടത്തുക.

ഓഖി ദുരന്തത്തെ തുടർന്ന് വലിയതുറ തുറമുഖ ഗോഡൗണുകളിലും ബന്ധു വീടുകളിലും മാറി താമസിപ്പി ക്കേണ്ടിവന്നവരെ പുനരധിവസിപ്പിക്കുന്നതി നായി 12-10-2022 ന് മുട്ടത്തറ വില്ലേജിൽ ക്ഷീരവകുപ്പിന്റെ കൈവശമുള്ള ഭൂമിയിൽ നിന്ന് 8 ഏക്കർ ഭൂമി മത്സ്യബന്ധന വകുപ്പിന് കൈമാറി ഉത്തരവായിട്ടുണ്ട്. അവിടെ ഫ്ലാറ്റ് നിർമ്മാണത്തിന് ഭരണാനുമതിയും നൽകി. ഫ്ലാറ്റ് നിർമ്മാണം പൂർത്തിയാകുന്നതുവരെ തുറമുഖ ഗോഡൗണുകളിലും ബന്ധു വീടുകളിലും താമസിക്കുന്നവർക്ക് ജില്ലാ ഭരണകൂടം നിശ്ചയിച്ച പ്രകാരം പ്രതിമാസം 5,500/- രൂപ വീതം വാടക അനുവദിച്ചു കൊണ്ട് 01/09/2022 ന് ഉത്തരവായിട്ടുണ്ട്. ഈ തുക സെപ്റ്റംബർ മുതൽ വിതരണം ആരംഭിച്ചു. രണ്ട് മാസത്തെ വാടക അഡ്വാൻസായി നൽകിയിട്ടുണ്ട്.

തുറമുഖ നിർമ്മാണം തീരശോഷണം വരുത്തുന്നു എന്ന ആക്ഷേപം പഠിക്കുന്നതിനായി 06/10/2022 ന് Central Water and Power Research Station (CWPRS) മുൻ അഡീഷണൽ ഡയറക്ടർ ഡോ.കുടാലെ അദ്ധ്യക്ഷനായി നാല് വിദഗ്ധരെ ഉൾപ്പെടുത്തി ഒരു വിദഗ്ധ സമിതി രൂപീകരിച്ചു. മുതലപ്പൊഴി മത്സ്യബന്ധന തുറമുഖത്തിന്റെ നിർമ്മാണത്തിലുള്ള അശാസ്ത്രീയത കണ്ടെത്തി Rectification നടപടികൾ ശുപാർശ ചെയ്യുന്നതിനായി കേന്ദ്ര സർക്കാർ സ്ഥാപനമായ പൂനെയിലെ Central Water and Power Research Station (CWPRS) നെ ചുമതലപ്പെടുത്തി. മണ്ണെണ്ണ വില കൂടിയ സാഹചര്യത്തിൽ പരിസ്ഥിതി സൗഹൃദമായ മറ്റു ഇന്ധനങ്ങളിലേയ്ക്ക് മാറുന്നതിന് എഞ്ചിൻ വാങ്ങുന്ന തിലേക്ക് സബ്സിഡി നൽകുവാൻ തീരുമാനിച്ചു.

തുറമുഖ നിർമ്മാണ കാലയളവിൽ മത്സ്യ ബന്ധനത്തിന് പുറപ്പെടുന്ന ബോട്ടുകൾക്ക് കൂടുതൽ ദൂരം സഞ്ചരിക്കേണ്ടി വരുമെന്നത് പരിഗണിച്ച് എഞ്ചിൻ കപ്പാസിറ്റി അനുസരിച്ച് 3 മുതൽ 7 ലിറ്റർ വരെ മണ്ണെണ്ണ വീതം 2017 മുതൽ സൗജന്യമായി

| | | | |
|---|---|---|---|
| | | | നൽകി വരുന്നുണ്ട്. ട്രോളിംഗ് നിരോധന സമയത്ത് സൗജന്യ റേഷൻ അനുവദിച്ച് നൽകിവരുന്നുണ്ട്. ഓഖി, കോവിഡ് തുടങ്ങിയ വലിയ കെടുതികൾ ഉണ്ടായപ്പോൾ തീരദേശത്തുള്ള മുഴുവൻ പേർക്കും സൗജന്യ റേഷനും മത്സ്യതൊഴിലാളി ക്ഷേമനിധിയിൽ നിന്ന് ധനസഹായവും നൽകിയിട്ടുണ്ട്. |
| (സി) | സമരം ചെയ്യുന്നവർ ഉന്നയിക്കുന്ന പ്രശ്നങ്ങൾക്ക് ഇതുവരെ പരിഹാരം കാണാൻ കഴിയാത്തതെന്ത് കൊണ്ടാണ്; പ്രസ്തുത പ്രശ്നം പരിഹരിക്കുന്നതിനായി വകുപ്പുമന്ത്രി ഇതുവരെ നടത്തിയ ഇടപെടലുകളും ചർച്ചകളും സംബന്ധിച്ച വിശദാംശം നൽകാമോ; | (സി) | സമരക്കാരുടെ ആവശ്യങ്ങൾ കേൾക്കുവാനും അവ നടപ്പാക്കുന്നതിനുമായി ബഹു. ഫിഷറീസ്, ഗതാഗതം, റവന്യൂ, ഭക്ഷ്യ സിവിൽ സപ്ലൈസ്, പൊതുവിദ്യാഭ്യാസം, തുറമുഖം വകുപ്പ് മന്ത്രിമാരടങ്ങിയ സബ് കമ്മറ്റിയെ ബഹു.മുഖ്യമന്ത്രി ചുമതലപ്പെടുത്തി. അതനുസരിച്ച് ഈ സബ് കമ്മറ്റി ഔപചാരികമായി 5 പ്രാവശ്യം ചർച്ച നടത്തുകയുണ്ടായി. ഇത് കൂടാതെ ഫിഷറീസ്, പൊതുവിദ്യാഭ്യാസ മന്ത്രിമാരുമായി നിരവധി അനൗദ്യോഗിക ചർച്ചകളും നടന്നിട്ടുണ്ട്.<br><br>സെപ്റ്റംബർ 26 ന് ക്യാബിനറ്റ് സബ് കമ്മറ്റിയുമായുള്ള ചർച്ചയിൽ തുറമുഖ നിർമ്മാണം നിർത്തിവെക്കണമെന്ന ആവശ്യമൊഴികെ മറ്റ് കാര്യങ്ങളിൽ അനുകൂലമായ നടപടിക്ക് തയ്യാറാണെന്ന് മന്ത്രിസഭാ ഉപസമിതി സമരക്കാരെ അറിയിച്ചിരുന്നു. പിന്നീട് 06-12-2022 ൽ ബഹു. മുഖ്യമന്ത്രി സമരക്കാരുമായി നടത്തിയ ചർച്ചയെ തുടർന്ന് സമരം പിൻവലിക്കുകയുണ്ടായി. |
| (ഡി) | വിഴിഞ്ഞം തുറമുഖം യാഥാർത്ഥ്യമാകുന്നതിനുള്ള തടസ്സങ്ങൾ എന്താണെന്നും പ്രസ്തുത തടസ്സങ്ങൾ പരിഹരിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്നും വ്യക്തമാക്കാമോ? | (ഡി) | വിഴിഞ്ഞം പദ്ധതി കരാർപ്രകാരമുള്ള പൂർത്തീകരണ തിയതിക്കുള്ളിൽ പൂർത്തിയാക്കാൻ കരാർ കമ്പനിക്ക് സാധിച്ചിട്ടില്ല. പദ്ധതിയുടെ നിർണ്ണായക ഘടകമായ പുലിമുട്ട് നിർമ്മാണത്തിന് ആവശ്യമായ പാറ യഥാസമയം ലഭ്യമാക്കുന്നതിന് കരാർ കമ്പനിക്ക് കഴിയാതെ വന്ന സാഹചര്യത്തിലാണ് പദ്ധതി വൈകിയത്. ഇതിനെതുടർന്ന് കരാർ കമ്പനി നേരിട്ട് ക്വാറികൾ സ്ഥാപിച്ച് പാറ ലഭ്യമാക്കുന്നതിനുള്ള ശ്രമങ്ങൾ സ്വീകരിക്കുകയുണ്ടായി. ക്വാറികൾ സ്ഥാപിക്കു ന്നതിനായി കരാർ കമ്പനി അപേക്ഷകൾ സമർപ്പിച്ചിട്ടുള്ള വിവിധ വകുപ്പ് / ഏജൻസികളെ ഏകോപിച്ചും ത്വരിതപ്പെടുത്തികൊണ്ടും അനുമതികൾ ലഭ്യമാക്കുന്നതിനായി സർക്കാർ വിവിധ തലത്തിൽ യോഗങ്ങൾ നടത്തുകയും ആവശ്യമായ തുടർ നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. പുലിമുട്ട് നിർമ്മാണത്തിന്റെ പുരോഗതി നിരന്തരം വിലയിരുത്തി പദ്ധതി എത്രയും വേഗം പൂർത്തീകരിക്കുന്നതിന് ആവശ്യമായ നിർദ്ദേശങ്ങളും നൽകിവരുന്നു. |

സെക്ഷൻ ഓഫീസർ